"ഭരണ ഭാഷ മാതൃഭാഷ"

# കേരള സർക്കാർ

നം-ഡി.സി.1/71/2020/തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം
തീയിതി : 28/03/2020

## സർക്കുലർ

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് -19 പ്രതിരോധങ്ങൾ നടപടികൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീയുടേയും ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി കിച്ചൺ - പ്രവർത്തന മാർഗരേഖ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : സ.ഉ.(സാധാ) നം.713/2020/ത.സ്വ.വി. തീയതി 26.03.2020

സംസ്ഥാനത്ത് കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പ്രഖ്യാപിച്ച ആശ്വാസ നടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീയുടേയും ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി കിച്ചൺ രൂപീകരണം സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ നൽകി സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭക്ഷണം കഴിക്കാൻ വരുന്നവർക്കും വിളമ്പുന്നവർക്കും കിച്ചൺ സംഘാടകർക്കും വൈറസ് വ്യാപന സാധ്യതയുള്ളതിനാൽ കിച്ചൺ പരിസരത്ത് ഒരു കാരണവശാലും ഭക്ഷണം വിളമ്പാൻ പാടുള്ളതല്ല.

2. പരാമർശ ഉത്തരവിൽ സൂചിപ്പിച്ചതുപോലെ കൗണ്ടറുകൾ വഴി പാഴ്സൽ / പൊതിച്ചോർ ആയി മാത്രം ഭക്ഷണം വിതരണം ചെയ്യേണ്ടതാണ്.

3. ഇതിന്റെ ഭാഗമായി കൗണ്ടറുകളിൽ Break the Chain സാമൂഹ്യ അകല നിബന്ധനകൾ പാലിക്കേണ്ടതാണ്.

4. സൂചന ഉത്തരവ് പ്രകാരം നിർദ്ധനർ, അഗതികുടുംബങ്ങൾ, കിടപ്പുരോഗികൾ, ഭിക്ഷാടകർ എന്നിവർക്കാണ് സൗജന്യമായി ഭക്ഷണം നൽകേണ്ടത്. ഇവരാരൊക്കെയെന്ന ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കേണ്ടതും അതിൻ പ്രകാരം സൗജന്യവിതരണം നടത്തേണ്ടതുമാണ്. മറ്റുള്ളവരിൽ നിന്ന് മുൻ നിശ്ചയ പ്രകാരം 20 രൂപ ഉച്ചയൂണിനായി ഈടാക്കേണ്ടതാണ്. അത്തരക്കാർക്ക് ഹോം ഡെലിവറിയ്ക്ക് 5 രൂപ അധിക ചാർജ്ജ് ഈടാക്കാവുന്നതാണ്.

5. ഭക്ഷണ വിതരണം സംബന്ധിച്ച വിവരങ്ങളും കണക്കും കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

6. തദ്ദേശ സ്ഥാപന പ്രദേശങ്ങളിൽ വിവിധ ഏജൻസികൾ സ്പോൺസർ ചെയ്യുന്ന സൗജന്യ ഭക്ഷണം ഇനം നമ്പർ 4 പ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിലുള്ളവർക്ക് പരമാവധി ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതുവഴി ഇരട്ടിപ്പും അനാവശ്യ ചെലവും ഒഴിവാക്കുന്നതിന് സാധിക്കും.

7. കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പിലും ഭക്ഷണ വിതരണത്തിലും പരമാവധി ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. 26.03.2020 -ലെ പരിസര ശുചിത്വ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

ആർ.എസ്. കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമവികസന കമ്മീഷണർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. സെക്രട്ടറി, ഫുഡ് & സിവിൽ സപ്ലൈസ്
7. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
10. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
11. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
13. എല്ലാ നഗരസഭാ ചെയർമാൻ മാർക്കും സെക്രട്ടറിമാർക്കും
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്